**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 160**

**02.03.2020 ൽ മറുപടിക്ക്**

## പത്തനംതിട്ടയിൽ ആഭ്യന്തര വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. വീണാ ജോർജ്ജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പത്തനംതിട്ട ജില്ലാ ആസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ വിശദാംശങ്ങൾ നൽകുമോ; | എ) പത്തനംതിട്ട ജില്ലാ പോലീസ് ആസ്ഥാനത്ത് പോലീസ് വകുപ്പിന്റെ അധീനതയിൽ 8.092 ഏക്കർ സ്ഥലമാണുള്ളത്. ടി സ്ഥലത്ത് ജില്ലാ സായുധ സേനാവിഭാഗം, പോലീസ് ഫാമിലി ക്വാർട്ടേഴ്സ്, ജില്ലാ പോലീസ് സ്റ്റോർ, ജില്ലാ പോലീസ് ഓഫീസ്, ജില്ലാ ക്രൈംബ്രാഞ്ച് ഓഫീസ്, ടെലി കമ്മ്യൂണിക്കേഷൻ ഓഫീസ് എന്നിവ നിലവിൽ പ്രവർത്തിച്ച് വരുന്നു. |
| ബി) പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിനോട് ചേർന്നും അതിനു മുന്നിലുമായുള്ള സ്ഥലത്ത് പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;<br>സി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) യും സി) യും പത്തനംതിട്ട ജില്ലാ പോലീസ് ആസ്ഥാനത്ത് ജില്ലാ ഫോറൻസിക് വിഭാഗം, ഫിംഗർ പ്രിന്റ് വിഭാഗം, ഫോട്ടോഗ്രാഫി വിഭാഗം എന്നീ ഓഫീസുകൾ നിർമ്മിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ ശുപാർശ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അനുയോജ്യമല്ലാത്ത സാഹചര്യത്തിൽ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള ശുപാർശ അംഗീകരിക്കുവാൻ നിർവ്വാഹമില്ലെന്നും പ്രവൃത്തി അത്യാവശ്യമുള്ളതാണെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സംസ്ഥാന പോലീസ് മേധാവിയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ